**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152** **30-06-2022 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക രംഗത്തെ പുനരുജ്ജീവന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം താറുമാറാക്കിയ സാംസ്കാരിക രംഗം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നടപ്പാക്കിയ പുനരുജ്ജീവന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവ മാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം നൽകുന്നതിനുമായി സാംസ്കാരിക വകുപ്പ്, കേരള സംഗീത നാടക അക്കാദമി, കേരള ഫോക് ലോർ അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള ലളിതകലാ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം, ഭാരത് ഭവൻ എന്നീ സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തിൽ വിവിധ കലാമേഖലകളിലുള്ള അർഹരായവർക്ക് പ്രാതിനിധ്യം നൽകി 3000 ഓളം കലാപ്രതിഭകളെ പങ്കെടുപ്പിച്ച് 2021 ആഗസ്റ്റ് 28 മുതൽ നവംബർ 1 വരെ സംഘടിപ്പിച്ച മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിങിലെ കലാസംഘങ്ങൾക്ക് പ്രതിഫല തുകകൾ അനുവദിച്ചു നൽകിയിരുന്നു.<br><br>കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050കലാകാരന്മാർക്കും അനുബന്ധ |

| | | | |
|---|---|---|---|
| | | | പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപാ വീതം ആകെ 290.5ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.<br><br>സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകി. കൂടാതെ ഏപ്രിൽ 2021 വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരന്മാർക്ക് അപേക്ഷിച്ച മുറയ്ക്ക് 1000/- രൂപ വീതവും കോവിഡ് ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ പ്രഖ്യാപിച്ച പുതിയ സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ; ഈ സർക്കാർ ഇത്തരത്തിൽ പുതിയ പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം ശ്രീനാരായണഗുരു, വി.ടി ഭട്ടതിരിപ്പാട്,സുബ്രമണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. കണ്ണൂർ ജില്ലയിൽ സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ നാലു ജില്ലകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പുരോഗമിച്ചു വരികയാണ്. പത്തനംതിട്ട, തിരുവനന്തപുരം, ഇടുക്കി, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചു വരുകയാണ്. |
| (സി) | സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | (സി) | സാംസ്കാരിക വകുപ്പിനു കീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി അക്കാദമികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ സർക്കാർ ലഭ്യമാക്കി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുകയും അക്കാദമിയുടെ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,അക്കൗണ്ടന്റ് ജനറൽ എന്നിവയുടെ ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ ധനസഹായം സ്വീകരിച്ച് പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും കുറ്റമറ്റരീതിയിൽ അവ നടത്തിക്കൊണ്ടു പോകുന്നതിനും അപ്പപ്പോൾ പരിശോധനകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി 04.08.2015 ൽ സ.ഉ (സാധാ) നം.387/15/സാം.കാ.വ പ്രകാരം സാംസ്കാരിക വകുപ്പിൽ ഒരു ഇന്റേണൽ ആഡിറ്റ് വിംങ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി, സാംസ്കാരിക വകുപ്പ് മന്ത്രി എന്നിവർ നേരിട്ട് സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ